പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1582 06.03.2020-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി. തോമസ്<br>" തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>" എം. വിൻസെന്റ്<br>" അനൂപ് ജേക്കബ് | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സുശീൽ ഖന്ന റിപ്പോർട്ട് നടപ്പിലാക്കിയതോട്ടു കൂടി ജീവിതം വഴിമുട്ടിയെന്ന് ആരോപിച്ച് കെ.എസ്.ആർ.ടി.സി. ജീവനക്കാർ മനുഷ്യാവകാശ കമ്മീഷനിൽ പരാതി നൽകിയ കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അശാസ്ത്രീയവും നിയമവിരുദ്ധവുമായ ഡ്യൂട്ടി പരിഷ്കരണം, അമിത ജോലി ഭാരം, വിശ്രമമില്ലാതെയുള്ള ഡ്യൂട്ടി എന്നിവ കാരണം ജീവനക്കാർ മാരക രോഗങ്ങൾക്ക് അടിമകളായി എന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് കണ്ടക്റ്റേഴ്സ് & എംപ്ലോയീസ് ഓർഗനൈസേഷൻ (KSTCO) എന്ന സംഘടനയുടെ വർക്കിംഗ് പ്രസിഡന്റ് ശ്രീ.എൻ.ഗോപകുമാർ, ബഹു.കേരള സംസ്ഥാന മനുഷ്യാകാശ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതിയിൽ ഇക്കാര്യം ഉന്നയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ജീവനക്കാർക്ക് വൃത്തിയുള്ള വിശ്രമസ്ഥലങ്ങളോ ശുചിമുറികളോ ആരോഗ്യ പരിപാലന സംവിധാനങ്ങളോ ഇല്ലായെന്നത് വസ്തുതയാണോയെന്ന് വിശദമാക്കുമോ; | (സി) | വസ്തുതയല്ല. |
| (ഡി) | കെ.എസ്.ആർ.ടി.സി. ജീവനക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം ഇടപെടലാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത് വ്യക്തമാക്കാമോ? | (ഡി) | ജീവനക്കാർക്ക് ആവശ്യമായ വിശ്രമ സ്ഥലങ്ങളും, ശുചിമുറികളും നിർമ്മിച്ച നൽകിയിട്ടുണ്ട്. ജീവനക്കാരുടെ ആവശ്യാനുസരണം വാർഷിക പദ്ധതിയിലും, ബഹു. എം.എൽ.എ.മാരുടെ നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിലും ഉൾപ്പെടുത്തി കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച വരുന്നു. |

**സെക്ഷൻ ഓഫീസർ**